**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6059** **19/11/2019 ൽ മറുപടിക്ക്**

**<u>ശബരിമലയുടെ വികസനത്തിന് പദ്ധതികൾ</u>**

| **ചോദ്യം**<br>**ശ്രീ.വി.എസ്.ശിവകുമാർ** | | | **മറുപടി**<br>**കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | ശബരിമല മാസ്റ്റർ പ്ലാനിലൂടെ ഈ സർക്കാർ ആവിഷ്കരിച്ചതും ഇപ്പോൾ നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ, | (എ) യും (ബി) യും | ഈ സർക്കാറിന്റെ കാലത്ത് പൂർത്തിയായതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ <u>അനുബന്ധമായി</u> ചേർക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ; ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ, | | |
| (സി) | 2019-20 വർഷത്തെ മണ്ഡല-മകരവിളക്കിന് മുന്നോടിയായി സർക്കാർ എത്ര യോഗങ്ങളാണ് വിളിച്ചുചേർത്തിട്ടുള്ളത്; വിശദമാക്കുമോ, | (സി) | മൂന്ന് യോഗങ്ങൾ മുഖ്യ മന്ത്രി തലത്തിലും 3 യോഗങ്ങൾ ദേവസ്വം വകുപ്പ് മന്ത്രിതലത്തിലും വിളിച്ച് ചേർത്തിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1.87 കോടി രൂപ ചെലവിൽ നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സുകൾ ഉൾപ്പെടെ മഹാപ്രളയത്തിൽ തകർന്നതിനെത്തുടർന്ന് പമ്പയിൽ മണ്ഡല-മകരവിളക്കിനു മുന്നോടിയായി തീർത്ഥാടകർക്കായി ഒരുക്കിയ സൗകര്യങ്ങൾ വിശദമാക്കുമോ? | (ഡി) | പമ്പയിൽ ഭാഗികമായി തകർന്ന മൂന്ന് ടോയ് ലെറ്റ് ബ്ലോക്കുകൾ, മണ്ണ് മൂടി കിടന്ന സീവേജ് കളക്ഷൻ ടാങ്ക്, സീവേജ് നെറ്റ് വർക്ക് സിസ്റ്റം, ക്ലോക്ക് റൂം ബിൽഡിംഗ് എന്നിവ പുനസ്ഥാപിക്കുകയും അന്നദാന മണ്ഡപം, റസ്റ്റോറന്റ് ബ്ലോക്ക്, മെസ്സ് ബിൽഡിംഗ് ശർക്കര ഗോഡൗൺ തുടങ്ങിയ കോൺക്രീറ്റ് കെട്ടിടങ്ങൾ പ്രവർത്തന സജ്ജവുമാക്കിയിട്ടുണ്ട്. ബയോടോയ് ലെറ്റ് സജ്ജീകരിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി പുതിയ വാട്ടർ കിയോസ്കുകൾ ഉൾപ്പെടെ കഴിഞ്ഞ വർഷം നടപ്പിലാക്കിയതിനേക്കാൾ വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ ഇൻസിനറേറ്ററുകൾ, മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. സുരക്ഷിത ദർശനം സാധ്യമാക്കുന്നതിന് ആവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. മഴയും വെയിലും ഏൽക്കാതിരിക്കാനുള്ള വിരിപ്പന്തലുകൾ നടപ്പന്തലുകൾ എന്നിവ താൽക്കാലികമായി സജ്ജീകരിച്ചിട്ടുണ്ട്. കുളിക്കടവ് നവീകരിച്ചിട്ടുണ്ട്. സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സിയ്ക്ക് സമീപവും പമ്പയുടെ വിവിധ ഭാഗങ്ങളിലായി ബയോടോയ് ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.<br>പമ്പയിലെ ത്രിവേണി പാലത്തിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിവേണി മുതൽ ഞുണങ്ങാർ വരെയുള്ള സ്ഥലത്ത് കൽപ്പടവുകൾ നിർമ്മിക്കുകയും മര സംരക്ഷണ ഭിത്തി നിർമ്മിച്ച് മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ANNEXURE - I

# SABARIMALA MASTER PLAN
## LIST OF STATE FUNDED COMPLETED PROJECTS

| Sl No | Name of work | Estimate Amount In Rs | Status |
|---|---|---|---|
| 1 | SMP- Sabarimala- Construction of Annadanamandapam at Sannidhanam | 9,50,00,000/- | Completed and in use |
| 2 | SMP - Sabarimala - Relocation of Bhandaram at Sannidhanam | 1,44,00,000/- | Completed and in use |
| 3 | SMP – Sabarimala – Construction of Darshanam Complex at Sannidhanam | 9,50,00,000/- | Completed and in use |
| 4 | SMP – Sabarimala – Construction of Ground Level RCC Water Tank (Augmentation of the capacity of the water tank of 36Lakhs Litres to 60 Lakhs litres capacity) | 7,20,00,000/- | Completed and in use |

## LIST OF STATE FUNDED ONGOING PROJECTS

| Sl No | Name of work | Estimate Amount In Rs | Status |
|---|---|---|---|
| 1 | SMP - Sabarimala - Extension of Annadanamandapam at Sannidhanam | 12,05,00,000/- | Nearing Completion. Building shall be used during the Mandalam & Makaravilakku Festivals. |
| 2 | SMP - Sabarimala - Improvement works in front of the Toilet Complex at Sannidhanam - Construction of Retaining Wall | 1,95,00,000/- | Nearing completion |
| 3 | SMP - Nilakkal - Construction of Integrated Toilet Complex | 5,00,00,000/- | Nearing completion Shall be opened during the season |
| 4 | SMP-Sabarimala - Upgradation of the Bhasmakulam | 3,25,00,000/- | Work started |
| 5 | SMP-Sabarimala -Construction of 1.5 TPD Biogas Plant | 1,29,40,000/- | Work in Progress. |

**List of Works under execution as per the directions in the G.O.(Rt)No.2400/2019/RD dated 30.08.2019 for which Administrative Sanction accorded by the Government.**

| Sl. No. | Name of work | Estimate Amount as per TS accorded by the Chief Engineer (General), TDB | Remarks |
|---|---|---|---|
| 1. | Construction of Vehicle Parking Ground - Rs. 500 Lakhs (KIIFB Project) | Rs. 5,00,00,000/- (TS No. SB/90/2019-20) TOC: 9 Months | The Government arranged the work through the District Collector, Pathanamthitta. |
| 2. | Construction 50 Lakh Litre Water Tank - Rs. 840 Lakhs (KIIFB Project) | Rs. 8,40,00,000/- (TS No. SB/91/2019-20) TOC: 12 Months | Work started. |
| 3. | Infrastructure for Police Personnel and for KSRTC Personnel - Rs. 1250 Lakhs (State Funded Project) | Rs. 12,41,15,000/- (TS No. SB/92/2019-20) TOC: 12 Months | Work started. |